BCRB\Gad\Cir|1\2018-19

# സർക്കുലർ

എല്ലാ ശാഖാ മാനേജർമാർക്കും

1. 30/04/2018 ന് അവധിയായ എല്ലാ സ്വർണ്ണപണയ വായ്പകളുടെയും പണയ വസ്തുക്കൾ 2018 സപ്തംബർ 12 ന് ലേലംചെയ്ത് വിൽക്കുന്നതാണ്. ആയതിന് വേണ്ട മുൻഒരുക്കങ്ങൾ ശാഖകൾ വീഴ്ചകൂടാതെ പൂർത്തീകരിക്കേണ്ടതാണ്.

2. സ്വർണ്ണവായ്പകൾ, നിക്ഷേപ വായ്പകൾ തുടങ്ങി വിവിധ വായ്പകൾക്കുവേണ്ടി ഉപയോഗിക്കുന്ന **ഡിമാന്റ് പ്രോമിസറി നോട്ടു**കളിൽ വായ്പക്കാർ ഒരു രൂപയുടെ റവന്യൂസ്റ്റാമ്പ് പതിച്ച് ഒപ്പിടേണ്ടതാണ്. ശാഖകളിൽ ആവശ്യമായ റവന്യൂസ്റ്റാമ്പുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഉപയോഗിക്കുന്ന സ്റ്റാമ്പിന്റെ വില വായ്പക്കാരിൻനിന്ന് ഈടാക്കേണ്ടതുമാണ്.

3. സ്ഥിര നിക്ഷേപ വായ്പകൾ, എം.ഡി.എസ് വായ്പകൾ തുടങ്ങി വിവിധ വായ്പകൾക്ക് സെക്യൂരിറ്റിയായി സ്വീകരിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിന്മേലും ആയതിന്റെ ബന്ധപ്പെട്ട ലഡ്ജറുകളിലും Lien മാർക്ക് ചെയ്തുകൊണ്ടുള്ള സീൽ പതിച്ചിരിക്കേണ്ടതാണ്. കൂടാതെ ക്ലോസ്സ് ചെയ്ത ഇത്തരം വായ്പകളുടെ ഫയൽ പ്രത്യേകം ക്രമപ്രകാരം സൂക്ഷിച്ചിരിക്കേണ്ടതും പരിശോധനാ ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

4. സ്വർണ്ണവായ്പകൾക്ക് കാലാവധി തിയ്യതിക്ക് 4 ദിവസം മുമ്പായും മറ്റ് വായ്പകൾക്ക് മാസതവണ തിയ്യതിക്ക് 4 ദിവസം മുമ്പായും ഇടപാടുകാർക്ക് **SMS Alert** നൽകുന്നതിനാൽ വായ്പ അനുവദിക്കുമ്പോൾ തന്നെ ഇടപാടുകാരുടെ **Mobile Number** കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. എല്ലാ വായ്പകളും **വായ്പക്കാരന്റെ പേരിലുള്ള SB അക്കൗണ്ടിൽ** കൂടി മാത്രമേ നൽകാൻ പാടുള്ളൂ.

6. വായ്പാപേക്ഷ സ്വീകരിക്കുമ്പോഴും അക്കൗണ്ടുകളിൽ ഇടപാട് നടത്തുമ്പോഴും അപേക്ഷകന്റെ/ഇടപാടുകാരുടെ ആധാർ നമ്പർ ഉൾപ്പടെ **KYC** കൃത്യമായി അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് മാനേജർമാർ/മാനേജരുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ അപേക്ഷരിൽ നിന്നും ജാമ്യക്കാരിൽ നിന്നും മിനിമം ഓഹരിതുക ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ്വരുത്തേണ്ടതുമാണ്.

7. സ്ഥിരനിക്ഷേപ വായ്പകൾ കാലാവധി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ ഇടപാടുകാരെ ഫോൺ മുഖേനയും ആവശ്യമെങ്കിൽ നോട്ടീസ് മുഖേനയും വിവരം അറിയിച്ചിരിക്കേണ്ടതാണ്. 15 ദിവസത്തിനുള്ളിൽ ഇടപാടുകാരൻ വായ്പാ കണക്ക് അവസാനിപ്പിച്ചില്ലായെങ്കിൽ വായ്പയിൽ ലഭിക്കാനുള്ള തുക നിക്ഷേപത്തുകയുമായി തട്ടിക്കിഴിച്ച് ബാക്കി തുക ഇടപാടുകാരന്റെ SB അക്കൗണ്ടിൽ വരവ് ചേർക്കേണ്ടതാണ്.

8. ഒരേ ഇടപാടുകാർക്ക് ഒന്നിൽ കൂടുതൽ മെമ്പർ നമ്പർ/ കസ്റ്റമർ ഐഡന്റിഫിക്കേഷൻ നമ്പർ കാണപ്പെടുകയാണെങ്കിൽ ആയത് നോട്ട് ചെയ്ത് ഹെഡ്ഓഫീസിൽ അറിയിക്കേണ്ടതാണ്. ഇടപാടുകാരുടെ **KYC Updation** സമയബന്ധിതമായി പൂർത്തികരിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽനിർദ്ദേശങ്ങൾ കർശനമായി പാലിക്കാനാവശ്യമായ നടപടികൾ ശാഖാമാനേജർമാർ കൈക്കൊള്ളേണ്ടതും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വടകര
20/08/2018

സിക്രട്ടറി